**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1528** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഹൗസ് ബോട്ട് മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | null<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ വിനോദസഞ്ചാരത്തിന്റെ പ്രധാന ആകർഷണമായ ഹൗസ് ബോട്ട് മേഖലയിലെ പ്രതിസന്ധിയുമായി ബന്ധപ്പെട്ട് 2018-ൽ തുറമുഖ വകുപ്പ് അദാലത്ത് സംഘടിപ്പിച്ചിരുന്നോ; | (എ) | രജിസ്ട്രേഷൻ, സർവേ നടപടികൾ പൂർത്തിയാക്കാതെ പ്രവർത്തിച്ചുവരുന്ന ബോട്ടുകൾ കെ.ഐ.വി നിയമത്തിനു കീഴിൽ കൊണ്ടുവരുന്നതിനായി 2018-ൽ അദാലത്ത് സംഘടിപ്പിച്ചില്ല. എന്നാൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 07.06.2018 - ൽ കൂടിയ യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യാത്ത ബോട്ടുകളുടെ വിവരങ്ങൾ ശേഖരിച്ചിരുന്നു. മേൽപറഞ്ഞ പ്രകാരം 319 രജിസ്റ്റർ ചെയ്യാത്ത ഹൗസ്ബോട്ടുകളുടെ വിവരങ്ങൾ ലഭിക്കുകയുണ്ടായി. |
| (ബി) | ലൈസൻസില്ലാത്ത ബോട്ടുകളുടെ സർവ്വീസ് പുനരാരംഭിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ആലപ്പുഴ ജില്ലയിലെ ജലയാനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 07.06.2018 - ൽ കൂടിയ യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം CIB രജിസ്ട്രേഷൻ ഉള്ളതും എന്നാൽ KIV രജിസ്ട്രേഷനിലേക്ക് മാറാത്തതുമായ ബോട്ടുകൾ, തുറമുഖ വകുപ്പിൽ ടെമ്പററി രജിസ്ട്രേഷനുള്ള ബോട്ടുകൾ, വകുപ്പിൽ ഓൺലൈൻ അപേക്ഷ സമർപ്പിച്ചെങ്കിലും ഫൈനൽ സർവ്വെ പൂർത്തിയാക്കാത്ത ബോട്ടുകൾ, സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന 4 സീറ്റർ സ്പീഡ് ബോട്ടുകൾ എന്നിവയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അതുപോലെ പലതവണ അറിയിച്ചിട്ടും പരിശോധനയ്ക്ക് ബോട്ടുകൾ ഹാജരാക്കാതിരുന്ന 111 അപേക്ഷകൾ നിരസിച്ചു. കെഐവി സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതും, ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയിൽ രജിസ്ട്രേഷൻ ലഭിക്കുന്നതിന് അർഹതയി ല്ലാതിരുന്നതുമായ 33 ബോട്ടുകൾക്ക് കൊല്ലം, കൊടുങ്ങല്ലൂർ പോർട്ട് ഓഫ് രജിസ്ട്രികളിൽ നിന്ന് രജിസ്ട്രേഷൻ നൽകി |
| (സി) | അദാലത്തുമായി ബന്ധപ്പെട്ട പരാതികൾക്ക് | (സി) | ആലപ്പുഴ ജില്ലയിലെ ജലയാനങ്ങളുടെ രജിസ്ട്രേഷൻ |

| | | | |
|---|---|---|---|
| | തീർപ്പുകൽപ്പിക്കാൻ എടുത്ത നടപടികളെക്കുറിച്ച് വിശദമാക്കാമോ? | | സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 07.06.2018 - ൽ കൂടിയ യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം CIB രജിസ്ട്രേഷൻ ഉള്ളതും എന്നാൽ KIV രജിസ്ട്രേഷനിലേക്ക് മാറാത്തതുമായ ബോട്ടുകൾ, തുറമുഖ വകുപ്പിൽ ടെമ്പററി രജിസ്ട്രേഷനുള്ള ബോട്ടുകൾ, വകുപ്പിൽ ഓൺലൈൻ അപേക്ഷ സമർപ്പിച്ചെങ്കിലും ഫൈനൽ സർവ്വെ പൂർത്തിയാക്കാത്ത ബോട്ടുകൾ, സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന 4 സീറ്റർ സ്പീഡ് ബോട്ടുകൾ എന്നിവയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അതുപോലെ പലതവണ അറിയിച്ചിട്ടും പരിശോധനയ്ക്ക് ബോട്ടുകൾ ഹാജരാക്കാതിരുന്ന 111 അപേക്ഷകൾ നിരസിച്ചു. കെഐവി സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതും, ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയിൽ രജിസ്ട്രേഷൻ ലഭിക്കുന്നതിന് അർഹതയി ല്ലാതിരുന്നതുമായ 33 ബോട്ടുകൾക്ക് കൊല്ലം, കൊടുങ്ങല്ലൂർ പോർട്ട് ഓഫ് രജിസ്ട്രികളിൽ നിന്ന് രജിസ്ട്രേഷൻ നൽകി |

സെക്ഷൻ ഓഫീസർ